# കേരള വനം വകുപ്പ്
# കാസറഗോഡ് വനം ഡിവിഷൻ
# കശുവണ്ടി തോട്ട വിഭവ ലേലപരസ്യം

KFDDO/71741/2025-DFOKSGD/A4 തീയതി : 03.01.2026

കാസറഗോഡ് ഡിവിഷനിലെ കാസറഗോഡ് റെയിഞ്ചിലെ താഴെ പട്ടികയിൽ വിവരിക്കുന്ന കശുമാവിൻ തോട്ടങ്ങളിൽ നിന്നും 2026 ജൂൺ 30 വരെയുള്ള കാലത്തേക്ക് കശുവണ്ടി ശേഖരിച്ച് കൊണ്ടുപോകുന്നതിനുള്ള അവകാശം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥനോ താഴെ പറയുന്ന ലേല നിബന്ധനകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാകുന്നു.

1. ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ അതിന് അടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും.
2. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലദിവസം ലേലത്തിന് മുൻപായി കശുവണ്ടി ശേഖരണത്തിന് ഓരോ യൂണിറ്റിനും 3000 രൂപ വീതം നിരതദ്രവ്യം കെട്ടിവെക്കേണ്ടതും ലേല വിജ്ഞാപനത്തിലെ വ്യവസ്ഥകൾ അംഗീകരിച്ചതായി ഒപ്പിടേണ്ടതുമാണ്.
3. ലേലത്തിൽ നിശ്ചയിച്ചിട്ടുള്ള തീയതിക്ക് തൊട്ടു മുമ്പുള്ള പ്രവൃത്തി ദിവസം 3 മണി വരെ ഓരോ യൂണിറ്റിനും പ്രത്യേകം സീൽ ചെയ്ത ലേലപ്പേപ്പറുകൾ സ്വീകരിക്കുന്നതാണ്. ലേല ഫോറത്തിന്റെ കൂടെ നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും, 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടിയും സമർപ്പിക്കേണ്ടതാണ്. ലേല ഫോറങ്ങൾ കാസറഗോഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും ലേലദിവസത്തിനു തൊട്ടുമുൻപുള്ള പ്രവൃത്തി ദിവസം 1 മണി വരെ നിശ്ചിത വിലയും വിൽപ്പന നികുതിയും അടച്ചാൽ ലഭിക്കുന്നതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ലേലപ്പേപ്പറുകൾ പരിഗണിക്കുന്നതല്ല. വിളിച്ചെടുക്കാനുദ്ദേശിക്കുന്ന കശുവണ്ടി തോട്ടത്തിന്റെ പേരും യൂണിറ്റ് നമ്പർ, ഉദ്ദേശിക്കുന്ന വില എന്നിവയും ലേലത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ യൂണിറ്റിനും ഏറ്റവും ഉയർന്ന തുക ലേലം കൊണ്ടയാളുടെ പേരിൽ ലേലം താല്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. എന്നാൽ ലേലത്തുക വകുപ്പിന്/സർക്കാരിന് ലാഭകരമായി ബോധ്യപ്പെടാത്ത പക്ഷം ടി യൂണിറ്റിന്റെ ലേല വിൽപ്പന റദ്ദ് ചെയ്യുന്നതാണ്. ലേല ഫോറം വാങ്ങിച്ചവർ ഉൾപ്പെടെ ആർക്കും നിശ്ചിത തുക നിരതദ്രവ്യം ഒടുക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
4. ലേലത്തിൽ പങ്കു കൊള്ളുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റും (ആറ് മാസത്തിനുള്ളിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങിയത്) ആദായ നികുതി വകുപ്പ് അനുവദിക്കുന്ന പാൻ കാർഡിന്റെ പകർപ്പും നിരതദ്രവ്യം കെട്ടിവെക്കുന്നതിന് മുൻപായി ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെ ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല.
5. ലേലത്തിന് ശേഷം യാതൊരു തരത്തിലുള്ള പരാതികളും പരിഗണിക്കുന്നതല്ല എന്നതിനാൽ പങ്കുകൊള്ളുന്നവർ ലേലത്തിന് മുമ്പ് തോട്ടങ്ങൾ പരിശോധിച്ച് വിളവുകളുടെ തരവും ഗുണവും മറ്റും നല്ലത് പോലെ ബോദ്ധ്യപ്പെടേണ്ടതാണ്.

6. ലേലത്തിൽ വെക്കുന്ന യൂണിറ്റിന്റെ ചാർജ്ജ് വഹിക്കുന്നതും അവ നിയന്ത്രിക്കുന്നതും ആയ സർക്കാർ സേവകന്റെ ബന്ധുക്കൾക്ക് ലേലത്തിൽ പങ്കെടുക്കുവാനോ കരാർ എടുക്കുവാനോ പാടില്ല.

കുറിപ്പ് : ഇതു പ്രകാരം ബന്ധുക്കൾ എന്നതിന് വിവക്ഷം അച്ഛൻ, അമ്മ, പുത്രൻ, പുത്രി, സഹോദരൻ, സഹോദരി, നേരമ്മാവൻ, അനന്തരവൻ, ഭാര്യയുടെയോ, ഭർത്താവിന്റെയോ അച്ഛൻ, മരുമകൻ തുടങ്ങിയ 31.01.1967-ലെ ജിഎംഎസ്-3/പി.എൻ. നമ്പർ സർക്കാർ ഉത്തരവിൽ വിവരിക്കുന്നതാണ്.

7. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊള്ളുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള അധികാരം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. ലേലം നടത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ചോ വല്ല പരാതികളും ഉൽഭവിക്കുകയാണെങ്കിൽ അതു സംബന്ധിച്ച് ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും.

8. ഓരോ യൂണിറ്റ് ലേലം കൊണ്ട ആളും ലേലത്തുക 10,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും 10,000/- രൂപയിൽ കൂടുതലാണെങ്കിൽ ചുരുങ്ങിയത് 10,000/- രൂപയോ ലേലത്തുകയുടെ മുന്നിൽ ഒന്നോ ഏതാണ് കൂടുതൽ അതു നിരതദ്രവ്യം ഉൾപ്പെടെ കെട്ടിവെക്കേണ്ടതാണ്. ഇതിനു വീഴ്ച വരുത്തിയാൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും കശുവണ്ടി ശേഖരിക്കുന്നതിനുള്ള അവകാശം വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതുമായിരിക്കും. അങ്ങനെയുള്ള ലേലത്തിൽ വീഴ്ചക്കാരനെ പുനർലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. ലേലത്തിൽ പരാജയപ്പെട്ടവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞ ഉടനെ അവർക്ക് തിരിച്ചു നൽകുന്നതായിരിക്കും.

9. ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലം കൊണ്ട ആളിനെ അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും നിയമാനുസൃതമായ നികുതികളും ലേലത്തുകയുടെ 10% വരുന്ന സെക്യൂരിറ്റി തുകയും കുറഞ്ഞത് 500/- രൂപ അടച്ച് മുഴുവൻ തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഉടമ്പടി ഒപ്പ് വെക്കേണ്ടതാണ്.

10. തക്കതായ കാരണമുണ്ടെങ്കിൽ 15 ദിവസത്തിനകം പ്രസ്തുത തുകകൾ അടയ്ക്കുന്നതിനും കരാർ ഒപ്പ് വെക്കുന്നതിനും സാധിക്കാതെ വന്നാൽ ആയതിന് 18% പലിശയോടു കൂടി 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. ഇപ്രകാരം ദിവസം ഒന്നിന് 25/- രൂപ വെച്ച് പിഴ ഈടാക്കുന്നതുമാണ്.

11. പ്രസ്തുത കാലാവധിക്കകം പ്രസ്തുത തുക അടക്കാൻ വീഴ്ച വരുത്തിയാൽ 24% പലിശയോടുകൂടി 15 ദിവസം കൂടി കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് യുക്തമാണെന്ന് തോന്നുന്നപക്ഷം അനുവദിക്കാവുന്നതാണ്.

12. പ്രസ്തുത തുക അടക്കുകയും ഉടമ്പടി വെക്കാൻ സാധിക്കാതെ വരികയും ചെയ്താൽ ദിവസം ഒന്നിന് 10 രൂപ വെച്ച് പിഴ ഈടാക്കി ഉടമ്പടി വെക്കുന്നതിന് 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്.

13. പ്രസ്തുത കാലാവധിക്കകം പ്രസ്തുത തുകകൾ അടയ്ക്കാൻ വീഴ്ച വരുത്തുന്നപക്ഷം ലേലം കൊണ്ട ആളുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം നടത്തുന്നതും, അതിൽ നിന്നുണ്ടാകുന്ന നഷ്ടത്തിന് ആദ്യ ലേലക്കാരൻ ഉത്തരവാദിയാകുന്നതും, ലാഭം കിട്ടിയാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടം വരുന്ന തുക കുടിശ്ശികയായി പരിഗണിച്ച് നിശ്ചിത തീയതിക്കകം ഒടുക്കിയില്ലെങ്കിൽ നിലവിലുള്ള റവന്യൂ റിക്കവറി ആക്ട് അനുസരിച്ചോ യുക്തമായ മറ്റു മാർഗ്ഗങ്ങളിലൂടെയോ ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്.

14. ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലം കൊണ്ടയാളിനെ അറിയിക്കുകയും, ടിയാൻ ലേലത്തുക അടക്കുകയും ചെയ്തതിനു ശേഷം കശുവണ്ടി ശേഖരണം ടിയാൻ നടത്താതിരിക്കുകയോ, ടിയാന് നടത്താൻ സാധിക്കാതിരിക്കുകയോ ചെയ്താൽ അടച്ച ലേലത്തുക ടിയാന് തിരിച്ചു ലഭിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനും യാതൊരുവിധ അവകാശവുമുണ്ടായിരിക്കുന്നതല്ല.

15. ലേലത്തിൽ വിജയിക്കുന്ന ആൾ 09.03.1976-ലെ കേരള · സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തിയ 23.02.1976ലെ ജിഒ(പി) 62/76/എഡി നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിക്കേണ്ടതാണ്.

16. ലേലം കൊണ്ട ആൾ കരാറിൽ ഒപ്പു വെച്ച ശേഷം ശേഖരിക്കുന്ന കശുവണ്ടി മുഴുവൻ 1976 ലെ കേരള അസംസ്കൃത കശുവണ്ടി (വിതരണവും വിപണനവും) ഉത്തരവ് പ്രകാരം കേരള ഗവൺമെന്റ് കശുവണ്ടി കുത്തക സംഭരണത്തിനും അതാത് കാലത്ത് നിശ്ചയിക്കുന്നതും ഏജൻസിക്കും സർക്കാർ അപ്പോൾ നിശ്ചയിക്കുന്ന വില നിരക്ക് അനുസരിച്ച് വിൽക്കേണ്ടതാണ്.

17.നേഴ്സറികൾ ഉണ്ടാക്കുന്നതിന് ആവശ്യമുള്ള പക്ഷം കശുമാവ് തോട്ടങ്ങളിൽ നിന്ന് നല്ലതരം കശുവണ്ടി വിത്തുകൾ അംഗീകൃത വില നൽകി തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം വനംവകുപ്പിന് ഉണ്ടായിരിക്കും.

18. കരാർ കാലയളവിൽ എല്ലായ്പ്പോഴും കശുമാവുകൾക്ക് ചുറ്റുമുള്ള കാടുകൾ 5 മീറ്റർ ചുറ്റളവിൽ കരാറുകാരൻ തന്നെ വെട്ടി നീക്കം ചെയ്തിരിക്കണം. തോട്ടത്തിൽ യാതൊരു കാരണവശാലും കളപിടിക്കാതെ നോക്കി സംരക്ഷിക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ്. കാട്ടുതീ മൂലമോ ഉണക്കു മൂലമോ മറ്റു വല്ല വിധത്തിലുള്ള കാരണങ്ങളിലൂടെയോ എന്തെങ്കിലും നഷ്ടം നേരിട്ടാൽ ആയതിന് യാതൊരുവിധ നഷ്ടപരിഹാരത്തിനും കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

19. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ പാട്ടത്തിനെടുത്ത സ്ഥലം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുവാനോ സ്ഥലം മുഴുവനായോ ഭാഗീകമായോ ഏൽപ്പിച്ചുകൊടുക്കുവാനോ പാടുള്ളതല്ല. അങ്ങനെ നൽകാനുള്ള അപേക്ഷ യാതൊരു കാരണവും കാണിക്കാതെ തള്ളാനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കും.

20. മുകളിൽ 8-ാം നമ്പർ വ്യവസ്ഥയിൽ നിബന്ധനകൾ പൂർത്തീകരിച്ചതിന് ശേഷം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും രേഖാമൂലമുള്ള അനുവാദം വാങ്ങിയതിന് ശേഷം മാത്രമേ ലേലക്കാരൻ പാട്ടസ്ഥലത്തു പ്രവേശിക്കുവാൻ പാടുള്ളൂ. അങ്ങനെയുള്ള അംഗീകാരം കിട്ടുന്നതിന് മുമ്പ് സ്ഥലത്ത് പ്രവേശിക്കുന്നത് കയ്യേറ്റമായി കണക്കാക്കുകയും അതിന് ലേലക്കാരന് എതിരെ കേരളാ വനനിയമ പ്രകാരം പ്രൊസിക്യൂഷൻ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും.

21. ലേലവില 1000 രൂപയ്ക്ക് മുകളിലും 5000 രൂപയ്ക്ക് താഴെയും ആണെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കിക്കിട്ടുന്നതിന് വിൽപ്പന നികുതിയോടൊപ്പം കാർഷിക നികുതിയുടെയും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ലേലസംഖ്യ 5000 രൂപയോ അതിനു മുകളിലോ ആണെങ്കിൽ വിൽപ്പന നികുതിയുടേയും കാർഷികാദായ നികുതിയുടെ പുറമെ ആദായ നികുതിയുടെയും ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം. കേസ് സംബന്ധിച്ച് വല്ല കുടിശ്ശികകളും ഉണ്ടെങ്കിൽ ആയത് സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും. കരാറുകാരൻ കേരള സംസ്ഥാനത്തിന് പുറത്ത് ബിസിനസ് ചെയ്യുന്ന ആളാണെങ്കിൽ ആദായ നികുതിക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കിയാൽ മതി.

22. വല്ല കാരണവശാലും കരാർ റദ്ദാക്കേണ്ടി വരുന്നതാകയാൽ മുകളിൽ വിവരിച്ച പ്രകാരമുള്ള പിഴകൾക്ക് പുറമെ കരാറുകാരനോ അദ്ദേഹം അധികാരപ്പെടുത്തിയ ഏജന്റോ കരാർ റദ്ദാക്കിയ തീയതിക്കോ അതിനു മുൻപോ ശേഖരിച്ചിട്ടുള്ളതും നീക്കം ചെയ്യാതെ സ്ഥലത്തു കിടക്കുന്നതുമായ എല്ലാ ഉൽപ്പന്നങ്ങളും കസ്റ്റഡിയിൽ എടുത്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും. അങ്ങനെയുള്ള കാര്യത്തിൽ കരാറുകാരന് യാതൊരു നഷ്ടപരിഹാരത്തിനോ അതനുസരിച്ച് ഉൽപ്പന്നങ്ങൾ വിറ്റു കിട്ടുന്ന തുകയ്ക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.
23. കരാറുകാരനും അദ്ദേഹത്തിന്റെ അംഗീകൃത ഏജന്റും പണിക്കാരും കേരളാ ഫോറസ്റ്റ് നിയമത്തിലെ എല്ലാ നിയമങ്ങളും നിബന്ധനകളും ചട്ടങ്ങളും പാലിക്കേണ്ടതാണ്. വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് അവർ ആവശ്യപ്പെടുകയാണെങ്കിൽ കാട്ടുതീയിൽ നിന്നും മറ്റും വനസംരക്ഷണത്തിനും പാട്ടസ്ഥലത്തോ അതിനടുത്ത സ്ഥലങ്ങളിലോ ഉണ്ടാകുന്ന വനംകുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും വേണ്ട എല്ലാ സഹായങ്ങളും നൽകേണ്ടതാണ്.
24. ഉൽപ്പന്നങ്ങൾ പാട്ടസ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിന് ആവശ്യമായ പാസ്സ് ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകുന്നതായിരിക്കും. ശേഖരിക്കുന്ന ഉൽപ്പന്നത്തിന്റെ അളവ് കരാറുകാരൻ നൽകുന്നത് മാസാന്ത്യ കണക്കുകളിൽ കാണിക്കുന്നത് ഡിപ്പാർട്ട്മെന്റിൽ നൽകുന്ന പാസ്സുകളുമായി ബന്ധപ്പെട്ടതായിരിക്കണം. പാട്ടസ്ഥലത്തിന് പുറമെയുള്ള വനങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ ശേഖരിക്കുവാൻ കരാറുകാരനെ അനുവദിക്കുന്നതല്ല. കരാർ സ്ഥലത്തു നിന്നും സാധനങ്ങൾ രാവിലെ 6 മണി മുതൽ വൈകുന്നേരെ 6 മണി വരെ മാത്രമേ നീക്കം ചെയ്യാൻ അനുവദിക്കുകയുള്ളൂ.
25. നിയമാനുസൃതമായി ലേലത്തിന് ശേഷം നൽകുന്ന വാഗ്ദാനങ്ങൾ വല്ലതും ഉണ്ടെങ്കിൽ അവ സ്വീകരിച്ച് നിയമാനുസൃതമായ നടപടികൾ അതിന്മേൽ കൈക്കൊള്ളുന്നതായിരിക്കും.
26. കരാറുകാരൻ ആവശ്യപ്പെടുന്നപക്ഷം ടിയാന്റെ കൂലിക്കാരെ താമസിപ്പിക്കുന്നതിനും കശുവണ്ടി സൂക്ഷിക്കുന്നതിനും 45 സ്ക്വയർ മീറ്ററിന് 5 രൂപ പ്രകാരം 1 ഷെഡ് കൂപ്പിനുള്ളിൽ പണിയുന്നതിന് സ്ഥലം അനുവദിക്കുന്നതാണ്. ഷെഡ് അനുവദിക്കുന്നതിനുള്ള അവകാശം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമാണ്. കരാർ കാലാവധിക്ക് മുൻപായി ഷെഡ് കരാറുകാരൻ പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ആയത് പൊളിച്ച് നീക്കം ചെയ്യുന്നതും അതിനു വരുന്ന ചിലവ് കരാറുകാരനിൽ നിന്നും പിടിച്ചെടുക്കുന്നതുമായിരിക്കും. ഷെഡ് പണിയുന്നതിനുള്ള സാധനങ്ങൾ നിലവിലുള്ള സീനിയറേജ് റേറ്റ് പ്രകാരം കാട്ടിൽ നിന്നും സൗകര്യമുള്ള പക്ഷം ശേഖരിക്കുവാൻ അനുവദിക്കുന്നതാണ്.
27. കരാർ കാലാവധി തീരുന്നതുവരെ ഓരോ യൂണിറ്റിലെയും വീഡിംഗ് പ്രവൃത്തി ടി യൂണിറ്റുകൾ ലേലത്തിനെടുത്ത ആളുകൾ തന്നെ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്.
28. ലേലത്തിന് ശേഷം ലേല സംഖ്യയെക്കാൾ കൂടുതൽ വില കൊടുക്കുവാൻ തയ്യാറാണെന്ന് കാണിച്ചു കൊണ്ട് നൽകുന്ന വാഗ്ദാനങ്ങൾ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്വീകരിക്കുന്നതായിരിക്കും.

എ) ലേല സംഖ്യ 1 ലക്ഷം രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ വാഗ്ദാന സംഖ്യ ലേല സംഖ്യയുടെ 10% ത്തേക്കാൾ കുറയാൻ പാടില്ല.

ബി) ലേല സംഖ്യ 1 ലക്ഷം രൂപയേക്കാൾ കുറവാണെങ്കിൽ വാഗ്ദാന സംഖ്യ ലേല സംഖ്യയുടെ 20% ത്തിൽ കുറയാൻ പാടില്ല.

സി) ലേലക്കാരൻ, ലേലദിവസം കെട്ടിയ സംഖ്യയുടെ ഇരട്ടി സംഖ്യ ജാമ്യമായി അടക്കേണ്ടതാണ്.

ഡി) ലേലത്തീയതി മുതൽ 7 ദിവസത്തിനകം വാഗ്ദാനം (പോസ്റ്റ് ഓഫർ) ഈ ഓഫീസിൽ ലഭിച്ചിരിക്കണം.

ഇ) വാഗ്ദാനങ്ങൾ നൽകിയ അപേക്ഷ കണക്കിലെടുത്ത് അയക്കുന്ന നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം ടി സംഖ്യ ട്രഷറിയിൽ അടച്ച് ചെലാൻ രശീതി ഹാജരാക്കണം.

എഫ്) വാഗ്ദാനക്കാരൻ 200/- രൂപ മുദ്രപ്പത്രത്തിൽ കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മുമ്പാകെ മേൽ നിബന്ധനകൾ സ്വീകാര്യമാണെന്ന ഉടമ്പടി വയ്ക്കേണ്ടതാണ്.

ജി) മേൽ നിബന്ധനകൾ അനുസരിച്ചാൽ ആവശ്യമായ പരസ്യം, നൽകി പുനർ ലേലം നടത്തുന്നതുമാണ്. പുനർ ലേലത്തിൽ മുൻ ലേലത്തേക്കാൾ കുറഞ്ഞ സംഖ്യ മാത്രമേ ലഭിച്ചിട്ടുള്ളൂവെങ്കിൽ വാഗ്ദാനക്കാരന് നൽകുന്നതായിരിക്കും. എന്നാൽ കൂടുതൽ സംഖ്യയ്ക്ക് ലേലം നടന്നാൽ കൂടുതൽ സംഖ്യയ്ക്ക് കൊണ്ട ആൾക്ക് നൽകുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസിലോ ബന്ധപ്പെട്ട റെയിഞ്ച് ഓഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

29. താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന യൂണിറ്റുകളിൽ ഏതെങ്കിലും യൂണിറ്റിന്റെ ലേലം ഭാഗീകമായോ മുഴുവനായോ നിർത്തി വെക്കുന്നതിനുള്ള അധികാരവും അവകാശവും ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതും അങ്ങനെ നിർത്തിവെക്കുന്ന വിവരങ്ങൾ ലേലത്തിന് മുമ്പായി അറിയിക്കുന്നതുമാണ്.

<u>പട്ടിക - 1</u>

| യൂണിറ്റ് | റെയിഞ്ച് | യൂണിറ്റിന്റെ വിവരണം | വിസ്തീർണ്ണം ഹെക്ടറിൽ | ലേലം ചെയ്യുന്ന തീയതി, സമയം |
|---|---|---|---|---|
| 1 | കാസറഗോഡ്<br>-ടി-<br>-ടി- | 1939 തോട്ടം കൂപ്പ് 6 കാറഡുക്ക 21 ഹെക്ടർ<br>1939 " 7 " 22 "<br>1940 " 8 " 15 " | 58 | കാസറഗോഡ് റെയിഞ്ചാഫീസിൽ വെച്ച് 13.01.2026 ന് രാവിലെ 11.30 മണിക്ക് |
| 2 | -ടി- | 1941 " 9 " 21 "<br>1943 " 10 " 24 "<br>1944 " 11 " 21 " | 66 | -ടി- |
| 3 | -ടി- | 1945 " 18(ഭാഗം) & 19(ഭാഗം) കാറഡുക്ക | 20 | -ടി- |
| 4 | -ടി- | 1959 തോട്ടം കൂപ്പ് 19 ഭാഗം കാറഡുക്ക 20, 11 (ഭാഗം) | 61 | -ടി- |
| 5 | -ടി- | 1960 തോട്ടം കൂപ്പ് 12,13,14,17 കാറഡുക്ക | 56 | -ടി- |
| 6 | -ടി- | 1959 തോട്ടം കൂപ്പ് 25 (ഭാഗം മുളിയാർ) | 13 | -ടി- |
| 7 | -ടി- | 1941 തോട്ടം കൂപ്പ് 3 മുളിയാർ | 51 | -ടി- |
| 8 | -ടി- | 1945 തോട്ടം കൂപ്പ് 6(ഭാഗം)<br>1948 തോട്ടം കൂപ്പ് 7 ഭാഗം | 23 | -ടി- |
| 9 | -ടി- | 1946, 1948, 1949, 1950 തോട്ടം മുളിയാർ | 77 | -ടി- |
| 10 | -ടി- | കാസറഗോഡ് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന | 51 | -ടി- |

| | | | | |
|---|---|---|---|---|
| | | തോട്ടങ്ങൾ ഒഴികെയുള്ള എല്ലാ സർക്കാർ വനങ്ങളിൽ നിന്നും | . | |
| 11 | -ടി- | 1961 തോട്ടം കാറഡുക്ക | 24 | -ടി- |
| 12 | -ടി- | 1972 തോട്ടം കാറഡുക്ക | 40 | -ടി- |
| 13 | -ടി- | 1976 തോട്ടം കാറഡുക്ക | 40 | -ടി- |
| 14 | -ടി- | 1978 തോട്ടം കാറഡുക്ക | 152.72 | -ടി- |
| 15 | -ടി- | 1978 തോട്ടം കാറഡുക്ക | 31.50 | -ടി- |
| 16 | -ടി- | 1978 തോട്ടം മുളിയാർ | 132.490 | -ടി- |
| 17 | -ടി- | 1980 തോട്ടം കാറഡുക്ക, മുളിയാർ | 90.75 | -ടി- |
| 18 | -ടി- | 1981 തോട്ടം, 1931 തോട്ടത്തിൽ വീണ്ടും നട്ടുപിടിപ്പിച്ചത് കാറഡുക്ക | 52 | -ടി- |
| 19 | -ടി- | 1981 തോട്ടം കാറഡുക്ക & 1940 തോട്ടത്തിൽ വീണ്ടും നട്ടുപിടിപ്പിച്ചത് | 57 . | -ടി- |
| 20 | -ടി- | 1981 തോട്ടം, 1942, 1944 തോട്ടങ്ങളുടെ ഭാഗത്ത് വെച്ച് പിടിപ്പിച്ചത്, കാറഡുക്ക | 5.40 | -ടി- |
| 22 | -ടി- | 1986 തോട്ടം കനകമജ്ലു റിസർവ്വ് | 15 | -ടി- |
| 23 | -ടി- | 1979 തോട്ടം കിദൂർ (നിർദ്ദിഷ്ട റിസർവ്വ് വനം) | 18.92 | -ടി- |

13.01.2026 ലെ ലേലത്തിൽ മുകളിൽ പട്ടികയിൽ കാണിച്ചിരിക്കുന്ന ഏതെങ്കിലും യൂണിറ്റിന് ലേലക്കാർ ഇല്ലാതെ വരികയാണെങ്കിൽ പ്രസ്തുത യൂണിറ്റികളിലെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം മേൽപ്പറഞ്ഞതായ എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി 20.01.2026 ന് പകൽ 11.30 മണിക്ക് കാസറഗോഡ് റെയിഞ്ചാഫീസിൽ വെച്ച് പുനർലേലം ചെയ്യുന്നതായിരിക്കും.

20.01.2026 ലെ പുനർ ലേലത്തിൽ വെച്ച് ഏതെങ്കിലും യൂണിറ്റിന് ലേലക്കാരൻ ഇല്ലാതെ വരികയാണെങ്കിൽ പ്രസ്തുത യൂണിറ്റുകളിലെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം മേൽപ്പറഞ്ഞതായ എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി 28.01.2026 ന് പകൽ 11.30 മണിക്ക് കാസറഗോഡ് റെയിഞ്ച് ആഫീസിൽ വെച്ച് വീണ്ടും ലേലം ചെയ്യുന്നതായിരിക്കും. ലേലക്കാരൻ യഥാസമയം പണമടച്ച് കരാർ ഒപ്പ് വെച്ചില്ലെങ്കിൽ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 03.02.2026 ന് 11.30 മണിക്ക് വീണ്ടും ലേലം ചെയ്യുന്നതായിരിക്കും.

നിരതദ്രവ്യം : 3000/ രൂപ

ലേല ഫോറത്തിന്റെ വില : 500/- + 12% ജി.എസ്.ടി.

ജോസ് മാത്യു
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
കാസറഗോഡ് ഡിവിഷൻ, കാസറഗോഡ്
(കേരള ഗവർണ്ണർക്കു വേണ്ടി)

DIVISIONAL FOREST OFFICE
Date...............
P. O. Vidyanagar
671 123
KASARAGOD

# കാസറഗോഡ് വനം ഡിവിഷൻ

| | | | |
|---|---|---|---|
| 1 | വകുപ്പിന്റെ പേര് | : | വനംവകുപ്പ് |
| 2 | ബന്ധപ്പെടേണ്ട ആഫീസിന്റെ വിലാസം | : | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്<br>കാസറഗോഡ് ഡിവിഷൻ<br>വനശ്രീ കോംപ്ലക്സ്<br>ഉദയഗിരി<br>വിദ്യാനഗർ (പി.ഒ)<br>കാസറഗോഡ് |
| 3 | ഫോൺ നമ്പർ | | 04994 256119 |
| 4 | ഉദ്ദേശ്യം | | കാസറഗോഡ് ഡിവിഷൻ പരിധിയിലെ കാസറഗോഡ് റെയിഞ്ചിലെ കശുമാവ് തോട്ടങ്ങളിൽ നിന്നും കശുവണ്ടി ശേഖരിച്ചു കൊണ്ടുപോകുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നത് സംബന്ധിച്ച്. |
| 5 | ലേല പ്രമാണ വില | | 500 രൂപ + 12% ജി.എസ്.ടി. |
| 6 | അടങ്കൽ തുക | | ഉദ്ദേശം 0.61650 ലക്ഷം രൂപ |
| 7 | നിരത ദ്രവ്യം | | 3000/- രൂപ |
| 8 | ലേല ഫോറം വിൽക്കുന്ന അവസാന തീയതി | | 12.01.2026, 19.01.2026, 27.01.2026, 02.02.2026<br>കാസറഗോഡ് റെയിഞ്ച് |
| 9 | ലേല തീയതി | | 13.01.2026, 20.01.2026, 28.01.2026, 03.02.2026 |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കാസറഗോഡ്

DIVISIONAL FOREST OFFICE
KASARAGOD

# Kasaragod Forest Division, Kasaragod

| | | |
|---|---|---|
| 1 | Name of Department | Kerala Forest Department |
| 2 | Office Address | Divisional Forest Office<br>Kasaragod Division<br>Vanasree Complex<br>Udayagiri<br>Vidyanagar (PO)<br>Kasaragod. |
| 3 | Phone No. | 04994 256119 |
| 4 | Nature of Auction | Auction sale of right to collection and removal of cashew usufructs from the cashew units in Kasaragod Range of Kasaragod Division. |
| 5 | Cost of Auction Form | Rs. 500 + 12% GST |
| 6 | PAC | Rs. 0.61650 Lakhs(Approx.) |
| 7 | EMD | Rs. 3000/- |
| 8 | Last Date of Sale of Auction Form | 12.01.2026, 19.01.2026, 27.01.2026, 02.02.2026 - Kasaragod Range |
| 9 | Date of Auction | 13.01.2026, 20.01.2026, 28.01.2026, 03.02.2026 |

Divisional Forest Officer
Kasaragod